EPISCOPAL CURIA DIOCESE OF COCHIN * FORT COCHIN, S.INDIA *

**BISHOP'S HOUSE**

COCHIN - 682 001, S. INDIA

Phone: 0484 2215400 (Office)
Fax: 0484 2215404
bpjosephkariyil@gmail.com

**PL/05/2016**

പ്രിയ സഹോദരൻമാരേ,

യേശു ദേവാലയത്തിലിരുന്ന് ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസേയരും കുടി അവിടുത്തെ മുമ്പിൽ കൊണ്ടുവന്നുനിർത്തി. അവർ അവനോടു പറഞ്ഞു: ഈ സ്ത്രി വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ് – മോശയുടെ നിയമമനുസരിച്ച് കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ടവൾ. നീ എന്തു പറയുന്നു? യേശുവാകട്ടെ, കുനിഞ്ഞ് വിരൽകൊണ്ട് നിലത്ത് എഴുതാൻ തുടങ്ങി. അവർ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്ന് അവരോടു പറഞ്ഞു. “നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ. അവൻ വിണ്ടും കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു”. ഇതുകേട്ടപ്പോൾ മുതിർന്നവർതുടങ്ങി ഓരോരുത്തരായി സ്ഥലം വിട്ടു(യോഹ. 8:1).

എന്തുകൊണ്ടാവും യേശു കുനിഞ്ഞ് നിലത്ത് വിരൽ കൊണ്ടെഴുതിയത്? അവിടുന്ന് എന്താവും എഴുതിയത്? “The Name of God is Mercy” എന്ന തന്റെ പുതിയ പുസ്തകത്തിൽ ഫ്രാൻസിസ് മാർപാപ്പ “Shepherds, Not Scholars of Law” എന്ന അധ്യായത്തിൽ പറയുന്നു: അവിടുന്ന് എന്താണ് എഴുതിയതെന്ന് നമുക്കറിയില്ല. സുവിശേഷം നമുക്കതു പറഞ്ഞുതരുന്നില്ല. പക്ഷേ, അവളെ എറിയാൻ കല്ലുമെടുത്തുവന്നവർ അതുതാഴെയിട്ട് അവിടെനിന്നുപോയി. കാൽനഖംകൊണ്ടു കളംവരയ്ക്കുന്ന ശകുന്തളയെക്കുറിച്ച് വയലാർ പാടിയിട്ടുണ്ട്. കാൽവിരലാലല്ല, കൈവിരലാലാണ് യേശുമണ്ണിലെഴുതിയത് എന്നുവിചാരിക്കണം. പുതിയനിയമത്തെ പഴയനിയമ പശ്ചാത്തലത്തിൽ വായിച്ചെടുക്കുന്നരീതി അവലംബിച്ചാണ് ഇങ്ങനെ വിചാരിക്കുന്നത്. ഈ സുവിശേഷഭാഗം പുറപ്പാടുപുസ്തകത്തിലെ 32–ാം അധ്യായവുമായി ചേർത്തുവായിക്കണം. മോശ ഉടമ്പടി പത്രികളുമായി മലയിറങ്ങിവരുന്ന പഴയനിയമഭാഗം ഓർക്കുമല്ലോ. “പലകകളുടെ ഇരുവശങ്ങളിലും എഴുത്തുകളുണ്ടായിരുന്നു. പലകകൾ ദൈവത്തിന്റെ കരവേലയും അവയിൽ കൊത്തിയിരുന്നത് അവിടുത്തെ കയ്യെഴുത്തുമായിരുന്നു” (പുറ. 32:15–16). “കർത്താവ് മോശയോട് അരുൾച്ചെയ്തു: ആദ്യത്തേത് പോലുള്ള രണ്ടുകല്പലകകൾ ചെത്തിയെടുക്കുക. നീ ഉടച്ചുകളഞ്ഞ പലകകളിൽ ഉണ്ടായിരുന്ന വാക്കുകൾതന്നെ ഞാനതിൽ എഴുതാം” (പുറ. 34:1) എന്നതും ചേർത്തിവായിക്കാം. പത്തുകല്പനകൾ തന്നെയാണ് യേശു മണ്ണിലെഴുതിയത് എന്നൊരു വ്യാഖ്യാനമുണ്ട്. മോശയുടെ കല്പനകളെ അക്ഷരംപ്രതി അനുഷ്ഠിക്കുന്നവരായി തന്റെ മുമ്പിൽ വന്നുനില്ക്കുന്നവരുമായി വാദപ്രതിവാദത്തിനു മുതിരാതെ പത്തുകല്പനകളുടെ സമഗ്രദർശനത്തിലേക്ക് യേശു നയിക്കുകയായിരുന്നു.

മോശ ഇസ്രായേലിന് പത്തുപ്രമാണങ്ങൾ കല്ലിൽ എഴുതിനൽകി. അവ എന്നേയ്ക്കുമുള്ള നിയമങ്ങളായിരുന്നതിനാലാണ്, അവരും അവരുടെ മക്കളും മക്കളുടെ മക്കളും ലോകാന്ത്യം വരെയുള്ള എല്ലാതലമുറകളും വീട്ടിലായിരിക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അനുസരിക്കേണ്ട നിയമങ്ങളായതിനാലാണ്, അവകല്ലിൽ എഴുതപ്പെട്ടത്. പ്രകൃതിയുടെ ഇടപെടൽകൊണ്ട് നഷ്ടരൂപം വരാതിരിക്കാനുള്ള മുൻകരുതലാണ് ശിലാലിഖിതം. മോശനൽകിയ പത്തുപ്രമാണങ്ങളെ നിയമജ്ഞരും

ഫരിസേയരും ഒക്കെകൂടി വ്യാഖ്യാനിച്ച് നീട്ടിയെടുത്ത് 613 നിയമങ്ങളാക്കിയിരുന്നു. ഷാമായി എന്ന യാഥാസ്ഥിതിക ഗ്രൂപ്പും ഹില്ലേൽ എന്ന ഉത്പതിഷ്ണുക്കളും കൂടി 365 “അരുതു”കളും (don’t-s) 248 ചെയ്യാനുള്ള “നിർദ്ദേശങ്ങ”ളും (do-s) കൂടി പത്തിനെ അവർ 613 നിയമങ്ങളാക്കി. അങ്ങനെ “The one law has became two laws”- ഒരുനിയമം രണ്ടുനിയമമായി എന്ന ചൊല്ലുമുണ്ടായി.

പ്രമാണങ്ങളുടെ ആത്യന്തികലക്ഷ്യം ദൈവസ്നേഹവും പരസ്നേഹവും ഉറപ്പുവരുത്തുകയായിരുന്നു. മേൽപ്പറഞ്ഞ വ്യാഖ്യാനങ്ങൾ പരസ്പരബന്ധത്തിനു പകരം രണ്ടുതരം മനുഷ്യരെയാണ് സൃഷ്ടിച്ചത്. എല്ലാം അറിയുകയും എല്ലാം ശരിയായി ചെയ്യുന്നു എന്നു കരുതുന്ന ഒരുചെറുഗണവും എന്തുചെയ്താലും തെറ്റായിപ്പോകും എന്ന ഗതികേടിൽപെട്ടുപോകുന്ന വലിയവിഭാഗം മനുഷ്യരും. നിയമങ്ങൾക്ക് പിന്നിൽ ഹൃദയകാഠിന്യം രൂഢമൂലമാകുകയായിരുന്നു. നിയമജ്ഞരും ഫരിസേയരും വിജ്ഞാനത്തിന്റെ താക്കോൽ കരസ്ഥമാക്കിയിരുന്നു. എന്നാൽ അവർ അകത്തുപ്രവേശിച്ചില്ല. എന്നുമാത്രമല്ല, പ്രവേശിക്കാൻവന്നവരെ തടസ്സപ്പെടുത്തുകയും ചെയ്തുവെന്ന് യേശുവിനു മനസ്സിലായി (ലൂക്കാ. 11:52). മനുഷ്യരെ തങ്ങളുടെ മതത്തിലേയ്ക്കുചേർക്കാൻ കടലും കരയും ചുറ്റി സഞ്ചരിക്കാൻ അവർക്കു മടിയില്ലായിരുന്നു. പക്ഷേ മതത്തിലേയ്ക്ക് കടന്നുവന്നവരുടെ ജീവിതം നരകതുല്ല്യമാകുന്ന കാര്യം അവരെ അലട്ടിയില്ല. “താങ്ങാനാവാത്ത ചുമടുകൾ മനുഷ്യരുടെമേൽ നിങ്ങൾകെട്ടിയേൽപ്പിക്കുന്നു. നിങ്ങളോ, അവരെ സഹായിക്കാൻ ഒരു ചെറുവിരൽപോലും അനക്കുന്നില്ല” (ലൂക്കാ. 11:46) എന്ന് യേശു നിയമജ്ഞരോടും ഫരിസേയരോടും പറഞ്ഞു. നിയമങ്ങൾ മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ നിയമങ്ങൾക്കുവേണ്ടിയല്ല എന്നതായിരുന്നു അവിടുത്തെ സമീപനം (മർക്കോ. 2:27). പ്രമാണങ്ങളെ അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണു താൻ വന്നിരിക്കുന്നത് എന്ന് അവിടുന്നു പറഞ്ഞു. നിയമജ്ഞരുടേയും, ഫരിസേയരുടേയും നീതിയെ “അതിശ”യിക്കാനാണ് അവിടുന്ന് ആവശ്യപ്പെട്ടത്. “എന്നാൽ ഞാൻനിങ്ങളോടു പറയുന്നു” എന്ന ആമുഖത്തോടെ പൂർത്തിയാക്കൽകർമ്മത്തിന് ആരംഭംകുറിക്കുകയും ചെയ്യുന്നു. അധര സേവനമായിത്തീർന്ന നിയമാനുഷ്ഠാനത്തെ ഹൃദയാനുവർത്തനമായി (മത്താ. 15:8) മാറ്റിയെടുക്കുകയായിരുന്നു, യേശു. പ്രമാണങ്ങൾ പത്താണ്. എല്ലാപ്രമാണങ്ങളും പ്രധാനപ്പെട്ടവയാണ്. ഒന്ന് ഒന്നിനെതിരേയോ, ഒന്നിനുമീതേയോ അല്ല. “എല്ലാറ്റിലും പ്രധാനമായ കൽപന ഏതാണ്”, എന്നുചോദിച്ചുവരുന്ന നിയമജ്ഞനോട് യേശു പറഞ്ഞു: “നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും, പൂർണാത്മാവോടും, പൂർണമനസ്സോടും, പൂർണ ശക്തിയോടുംകൂടെ സ്നേഹിക്കുക” (മർക്കോ. 12:30) മത്തായിയുടെ സുവിശേഷം 25:32–47 നോടു ബന്ധപ്പെടുത്തി വായിച്ചാണ് എല്ലാ പ്രമാണങ്ങളും തുല്യമാണ് എന്നു പറഞ്ഞത്.

ഏറ്റം വലിയ പ്രമാണലംഘനം വ്യഭിചാരമാണെന്ന വിലയിരുത്തലുമായാണ് നിയമജ്ഞരും ഫരിസേയരും പിടിക്കപ്പെട്ട സ്ത്രീയുമായി യേശുവിന്റെയടുത്ത് വന്നിരിക്കുന്നത്. ഇതേകുറ്റത്തിൽ ഇവളുടെ പങ്കാളിയായ പുരുഷനെ ഇവർ വെറുതേ വിട്ടിരിക്കുന്നു! സ്ത്രീവിരുദ്ധമായ ഈ വ്യഖ്യാനം യേശുവിനു സ്വീകാര്യവുമല്ല. മാത്രമല്ല, ഏകദൈവമായ യാഹ്‌വേയെ വിട്ട് മറ്റ് ദൈവങ്ങളെ തേടുന്നതും മറ്റു ജനവിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ അനുകരിക്കുന്നതും വ്യഭിചാരത്തിന്റെ വകഭേദമായി പഴയനിയമത്തിൽ അനേകവട്ടം പരാമർശിക്കപ്പെട്ടിരിക്കുന്നകാര്യം ഇവരോർക്കുന്നുമില്ല. തങ്ങളുടെ “അകൃത്യങ്ങളെ ഹൃദയത്തിലൊളിപ്പിച്ചാണ്” (ജോബ്. 31:33) ഇവരുടെ വരവ്. (മൂലാർത്ഥമെടുത്താൽ “വ്യഭിചാരം” നേർവഴിയിൽനിന്നുള്ള, നിർദ്ദിഷ്ട വഴിയിൽനിന്നുള്ള, വ്യതിചലനം ആണ്. പ്രമാണങ്ങൾ പത്തും നടവഴികളായി നിർദ്ദേശിക്കപ്പെട്ടിരിക്കേ, ഏതുപ്രമാണലംഘനവും “വ്യഭിചാരം” തന്നെയാവും! പ്രമാണലംഘകരെല്ലാം വ്യഭിചാരികളുമാവും!). എല്ലാ പ്രമാണങ്ങളും മണ്ണിലെഴുതിക്കാണിച്ച് സമഗ്രദർശനത്തിന്റെ ആവശ്യകത അവർക്ക് യേശു കാണിച്ചുകൊടുത്തു. അതുമനസ്സിലാക്കിയിട്ടാവണം, ജീവിതവർഷങ്ങളുടെ എണ്ണക്കൂടുതൽ ചെയ്തുകൂട്ടിയ പാപങ്ങളുടെ എണ്ണക്കൂടുതലായി

മനസ്സിലാക്കി, മുതിർന്നവർ ‘റിട്ടേൺ’ അടിക്കാൻ ആദ്യംതന്നെ മുന്നിട്ടിറങ്ങുന്നത്.

വ്യഭിചാരം മാത്രം പാപമായി പച്ചപിടിച്ചുനിൽക്കുകയും മറ്റുപാപങ്ങൾ പലതും വിസ്മരിക്കപ്പെട്ടുപോവുകയും ചെയ്യുന്ന “സദാചാരപ്പോലീസു”കാരുടെ കാലത്താണു നമ്മുടെ ജീവിതം. ഒരുപുരുഷനും ഒരുസ്ത്രീയും സന്ധിക്കുന്ന ഏതുസന്ദർഭത്തിലും, ഏതിടത്തും, വ്യഭിചാരസാധ്യത മണുത്തു നടക്കുന്ന സദാചാരസംരക്ഷകരുടെ ഇടപെടൽവാർത്തകൾ ഇന്നു സാധാരണകാര്യമായിരിക്കുന്നു. ഭൂമിയുടെ മുഖം നവീകരിക്കുന്ന പരിശുദ്ധാത്മാവ് ലോകത്തിനുമുഴുവൻ ഉപകരിക്കുന്ന സത്പ്രവൃത്തികൾക്കു മനസ്സിൽ വിത്തിടുമ്പോൾ അവയെ മുളയ്ക്കാനനുവദിക്കാതെ ചവിട്ടിയരച്ച് കളയുന്നവർ ഹെറോദോസിന്റെ ശിശുഹത്യാ പാപത്തേക്കാൾ വലിയപാപമല്ലേ ചെയ്യുക? വരാനിരിക്കുന്ന അനേകം തലമുറകൾക്കായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഭൂമിയെയും അതിലെ വിഭവങ്ങളെയും ചൂഷണം ചെയ്യുകയും മലീമസമാക്കുകയും ചെയ്യുന്നവർ വംശഹത്യകൾ തന്നെയല്ലേ നടത്തുക? കൂടുതൽ മാരകമായ പുതിയപാപങ്ങൾക്കു നാം ജന്മംകൊടുത്തിരിക്കുന്നുവെന്നു മനസ്സിലാക്കണം. പത്തുപ്രമാണങ്ങളുടെ പരിധിയിൽതന്നെ ഇവയുംപെടുന്നുവെന്നുധരിക്കണം. പാപത്തെക്കുറിച്ച് നവീകൃതമായൊരു ബോധം നമുക്കുതന്നെ ഉണ്ടായിരിക്കുകയും നമ്മളത് വിശ്വാസികൾക്ക് പകർന്നു നല്കുകയും വേണം. കൊതുകിനെ അരിച്ചുനീക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്ന ധർമ്മാനുഷ്ഠാനരീതി അകറ്റി നിർത്തേണ്ട ഒരു മനോഭാവമാണ്. “തുളസി, ചതകുപ്പ്, ജീരകം എന്നിവയ്ക്ക് ദശാംശം കൊടുക്കുകയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുകയും ചെയ്യുന്നു. ഇവയാണ് നിങ്ങൾ ചെയ്യേണ്ടിയിരുന്നത് – മറ്റുള്ളവ അവഗണിക്കാതെതന്നെ” (മത്താ. 23:23) എന്ന യേശുവചനം ഓർത്തിരിക്കേണ്ടതാണല്ലോ. പാനപാത്രത്തിന്റെയും ഭക്ഷണപാത്രത്തിന്റെയും പുറംമാത്രം വൃത്തിയാക്കുകയും കവർച്ചയും ആർത്തിയുംകൊണ്ടു നിറഞ്ഞിരിക്കുന്ന “ഉള്ളിനെ” ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത ഇന്നും സമൂഹത്തിലുണ്ട്; വർദ്ധിച്ചുവരികയും ചെയ്യുന്നു. പുറംഭംഗിയേക്കാൾ ഉള്ളിലിരുപ്പിന്റെ ശുദ്ധിയെക്കുറിച്ച് ആകുലപ്പെടുന്ന ധർമ്മവ്യവസ്ഥകളാണു നമുക്കുവേണ്ടിയിരിക്കുന്നത്. “ഒരുവൻ തൻെറ പിതാവിനോടോ മാതാവിനോടോ നിങ്ങൾക്ക് എന്നിൽനിന്നു ലഭിക്കേണ്ടത് കൊർബ്ബാൻ – അതായത് വഴിപാട് – ആണ്” (മർക്കോ. 7:11) എന്നുപറഞ്ഞാൽ നാലാംപ്രമാണം അനുഷ്ഠിക്കലായി എന്ന് അംഗീകരിക്കപ്പെടുന്ന പ്രമാണങ്ങളുടെ അന്തസ്സത്ത മാറ്റിക്കളഞ്ഞുള്ള അനുവർത്തനം വരെ, – ഇല്ലെങ്കിൽ അതിനു സമാനമായ രീതികൾ വരെ, സമൂഹത്തിൽ പടരുന്നുണ്ട്. എത്തിക്സിനെ(Ethics–ധർമ്മം) എറ്റിക്കെറ്റായി (Etiquette-ഉപചാരക്രമം) പരുവപ്പെടുത്തലാണിത്. എത്തിക്സ് എറ്റിക്കെറ്റായി ചുരുങ്ങിപ്പോകുമ്പോൾ ശവക്കോട്ടയിലെ വെള്ളയടിച്ച കുഴിമാടങ്ങൾ ഓർമ്മക്കുറിപ്പായി എത്തുമെന്നറിയണം.

സീസറിനുള്ളത് സീസറിനുകൊടുക്കാം; പക്ഷേ, ദൈവത്തിനുള്ളത് ദൈവത്തിനുതന്നെ കൊടുക്കണമെന്ന നിർബന്ധം ഒപ്പം ഉണ്ടാകേണ്ടതുണ്ട്. “അവർ അവനെക്കുറിച്ച് വിസ്മരിച്ചു” (മാർക്കോ. 12:17) എന്ന് യേശുവിനെക്കുറിച്ച് സുവിശേഷകൻ പറയുന്നത് നിലവിലുള്ള മതനിയമങ്ങളെ നിഷേധിക്കാതെ അവയെ സാരപൂർണ്ണതയിലേയ്ക്കു നയിക്കുന്ന അവിടുത്തെ സമന്വയമികവ് കണ്ടിട്ടാണ്. വളയത്തിലൂടെ ചാടുന്നതേ അഭ്യാസമാവൂ എന്നും വളയമില്ലാതെ ചാടുന്നത് തോന്ന്യാസമേ ആവൂ എന്നും വിശ്വാസികളെ പഠിപ്പിക്കുക നമ്മുടെ കടമതന്നെയാണല്ലോ. മാർപാപ്പാ കാരുണ്യത്തെക്കുറിച്ച് തുടരെത്തുടരെ പഠിപ്പിക്കുകയും ചിലനേരങ്ങളിൽ ചിലരുടെയെങ്കിലും വിശ്വാസവിചാരങ്ങളെ പിടിച്ചുലയ്ക്കുകയും ചെയ്യുന്ന പ്രവൃത്തികൾക്കു തുടക്കമിടുകയും ചെയ്യാറുണ്ട്. പാപത്തെ വെറുക്കണം, അകറ്റിനിർത്തണം. അതേനേരം നമ്മുടെ സ്നേഹസാമിപ്യംകൊണ്ട് പതിതരുടെ ജീവിതങ്ങളിൽ വെളിച്ചമെത്തിക്കുകയും വേണ്ടേ? “സമൂഹഭ്രഷ്ടരായവരെയും പാപികളെയും പരിചരിക്കുക എന്നുപറഞ്ഞാൽ ആടുകളെ ആക്രമിക്കാൻ ചെന്നായ്ക്കളെ അനുവദിക്കുക എന്നില്ലെ”ന്ന് പാപ്പാ പറയുന്നുണ്ട്.

നിയമജ്ഞരുടെയും ഫരിസേയരുടെയും ആരോപണത്തിനു മറുപടി പറയാതെ

മണ്ണിലെഴുതിക്കൊണ്ടിരുന്നത് അവരെ ആത്മശോധനയുടെ ഉഷ്ണമേഖലയിലേയ്ക്ക് കുട്ടിക്കൊണ്ടുപോകാനായിരുന്നുവെന്ന് കാണുകയുണ്ടായി. മറ്റൊരു രീതിയിലും ഇതിനെ വായിച്ചെടുക്കാവുന്നതാണ്. നിയമഗ്രന്ഥങ്ങളുടെ വരണ്ടഭൂമികയിൽ നിന്നും അവരെ സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളുടെ മണ്ണിലേയ്ക്കു ക്ഷണിച്ചുനിർത്തി എന്നു കരുതാമല്ലോ. താബോർമലയിൽവച്ച് യേശു രൂപാന്തരപ്പെട്ടപ്പോൾ പത്രോസും യാക്കോബും യോഹന്നാനും അവിടുത്തോടൊപ്പമുണ്ടായിരുന്നു. യേശുവിന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങുന്നതും വസ്ത്രങ്ങൾ പ്രകാശംപോലെ ധവളമാകുന്നതും മോശയും ഏലിയായും അവിടുത്തോടു സംസാരിക്കുന്നതും അവർ കണ്ടു. ഉയരങ്ങളിലെ ഈ മഹത്വീകൃതാന്തരീക്ഷം അവർക്കിഷ്ടപ്പെട്ടു. “കർത്താവേ, നാം ഇവിടെയായിരിക്കുന്നതു നല്ലതാണ്” എന്ന് പത്രോസ് പറഞ്ഞു. ആ വിശുദ്ധമലയിൽ കൂടാരമടിക്കുകയല്ല, വിശ്വാസമില്ലാത്തതും വഴിപിഴച്ചതുമായ ജനക്കൂട്ടം നിൽക്കുന്ന താഴ്‌വാരത്തേയ്ക്കു അവരെ ഇറക്കിനിർത്തുകയാണ് യേശു ചെയ്തത്. മാനുഷികപ്രശ്നങ്ങളോട് ചേർന്നുനില്ക്കാനാണ് യേശു ശിഷ്യരെ പരിശീലിപ്പിച്ചത്. പന്തക്കുസ്താദിവസം ശിഷ്യൻമാർ ഒരുമിച്ചുകൂടിയിരിക്കുമ്പോൾ അവരുടെമേൽ പരിശുദ്ധാത്മാവ് വന്നിറങ്ങി. അഗ്നിനാവുകൾപോലുള്ള നാവുകൾ തങ്ങളോരോരുത്തരുടേയുംമേൽ വന്നുനില്ക്കുന്നത് അവർ കണ്ടു. അവർ ആ മഹത്വാനുഭവത്തിൽ ലയിച്ച് ഇരുന്നുകളയാതെ ജനങ്ങളുടെ അടുത്തേയ്ക്കാണ് ഇറങ്ങിവരുന്നത്. തങ്ങൾ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതും സർവ്വജനങ്ങൾക്കും വേണ്ടിയുള്ള സുവിശേഷമാണെന്നറിഞ്ഞതിനാൽ അവർ ലോകത്തിന്റെ ഓരോ അതിർത്തികളിലേയ്ക്ക് പുറപ്പെടുന്നതാണ് പിന്നെ നാം കാണുന്നത്. നാം ഇവിടെ ഒരുമിച്ചായിരിക്കുന്നത് നല്ലതാണ് എന്നു കരുതി അവർ മുറിയിൽ തങ്ങിയിരുന്നെങ്കിൽ സുവിശേഷം ലോകം മുഴുവൻ എത്തുമായിരുന്നില്ല.

“മിശിഹാ തുണയ്ക്ക!” എന്ന് അരിയിലെഴുതി അക്ഷര ലോകത്തിലേയ്ക്കും അതുവഴി ജ്ഞാനലോകത്തിലേയ്ക്കും കടന്നുവന്നതിന്റെ ഓർമ്മ എന്റെ മനസ്സിൽ ഇന്നുമുണ്ട്. തൊട്ടടുത്ത ദിനംമുതൽ മണ്ണിലെഴുതിയാണ് അക്ഷരങ്ങളെ മനസ്സിലുറപ്പിച്ചത്. നിങ്ങളിൽ കുറേപ്പേരെങ്കിലും ഇതേ അനുഭവമുള്ളവരായിരിക്കും. മണ്ണിനെതൊടുമ്പോൾ മനുഷ്യനെ തൊടുന്നുവെന്നും “മനുഷ്യാ നീ മണ്ണാകുന്നു!” എന്ന ആദിമബോധം ഉണർന്നുവരുമെന്നും ഈ “നിലത്തെഴുത്തു” വഴി തലമുറകൾ നമ്മളോടു പറയുന്നുണ്ടാകണം. കാൽവിരൽപോലെ കൈവിരലും മണ്ണിന്റെ സ്പർശം അറിയുന്ന നേരമാണല്ലോ നിലത്തെഴുത്തിന്റെ നേരം. ജനക്ഷേമപദ്ധതികൾ ആസൂത്രണംചെയ്യുമ്പോൾ ദന്തഗോപുരങ്ങളിലെ പണ്ഡിതന്മാരുടെ കുറിപ്പടികളേക്കാൾ “നാട്ടറിവി”ന് പ്രാധാന്യം കൊടുക്കണമെന്ന ആധുനിക ജ്ഞാനസിദ്ധാന്തം മണ്ണിന്റെ നനവിന്റെ പ്രാധാന്യംതന്നെയാണ് പറഞ്ഞുതരുന്നത്. അതവഗണിച്ചുകൊണ്ടുള്ള പദ്ധതികൾ ആരംഭത്തിലെ ആളിക്കത്തലിനു ശേഷം അമർന്നടങ്ങുന്ന അനുഭവങ്ങൾ മുന്നിൽ ധാരാളമുണ്ട്.

സ്വന്തം തീർച്ചകളുടെ ഉയരങ്ങളിൽ അലട്ടലില്ലാതെ കഴിയാനല്ല, വിയർപ്പും വേദനയും മുറിവുകളുമുള്ള യുദ്ധമുഖങ്ങളിലേക്കെത്തുന്ന Field Hospital ആയി സഭയെ പരിവർത്തനം ചെയ്യാനാണ് ഫ്രാൻസിസ് പാപ്പാ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 99-നെവിട്ട് നഷ്ടപ്പെട്ട ഒന്നിനെത്തേടിപ്പോകുന്ന നല്ലിടയന്റെ സങ്കല്പമാണത്. തിന്മയ്ക്കെതിരേ സഭാസൗധത്തിന്റെ വാതിലുകൾ അടച്ചുതന്നെ സൂക്ഷിക്കണം. പക്ഷേ, അപ്പോഴും തിന്മചെയ്തുപോയവനെ/ പോയവളെ അകത്താക്കി അടയ്ക്കുന്നവാതിലുകളാണ് നമുക്കുണ്ടാവേണ്ടത്. “ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്” എന്ന സാമീപ്യത്തിന്റെയും സാന്ത്വനത്തിന്റെയും ചികിത്സാവിധിയാണ് ആവശ്യമായിരിക്കുന്നത്. ശിക്ഷിക്കാനല്ല രക്ഷിക്കാൻ വന്നവന്റെ ഇടയശുശ്രൂഷയിലാണല്ലോ നമ്മുടെ പങ്കാളിത്തം.

+ജോസഫ് കരിയിൽ
കൊച്ചി മെത്രാൻ